# ഭീകരകേസുകളിലെ പ്രത്യേക കോടതി യഥാർഥ പ്രശ്നത്തിനുള്ള പരിഹാരമല്ല

**കോഴിക്കോട്:** ഭീകരകേസുകളിൽ കുരുക്കി ജയിലുകളിലിട്ട നിരപരാധികളായ മുസ്‌ലിം യുവാക്കൾക്ക് നീതി ഉറപ്പുവരുത്താൻ അതിവേഗ കോടതികൾ സ്ഥാപിക്കുമെന്നും കള്ളക്കേസുകളുണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്നുമുള്ള കേന്ദ്ര സർക്കാറിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണെന്ന് ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അസി.അമീർ എം.കെ മുഹമ്മദലി പറഞ്ഞു. അതേസമയം ഇത് യഥാർഥ പ്രശ്നം മൂടിവെക്കാനുള്ള ശ്രമത്തിന്റെകൂടി ഭാഗമാണെന്ന് ആശങ്കിക്കേണ്ടിയിരിക്കുന്നു. തീവ്രവാദവേട്ടയുടെ പേരിൽ പോലീസിനും ഇന്റലിജൻസ് ഏജൻസികൾക്കും നൽകുന്ന അമിതാധികാരത്തിന്റെയും യു.എ.പി.എ ഉൾപ്പെടെയുള്ള കരിനിയമങ്ങളുടെയും ഇരകളാണിത്തരം ചെറുപ്പക്കാരിൽ മഹാഭൂരിപക്ഷവും. ന്യൂനപക്ഷ സമൂഹത്തിനു നേരെ നടക്കുന്ന നീതി നിഷേധത്തിൽ സർക്കാറിന്റെ ആശങ്ക ആത്മാർഥമാണെങ്കിൽ ഇത്തരം അമിതാധികാരങ്ങളും കരിനിയമങ്ങളും പിൻവലിക്കാൻ സന്നദ്ധമാവുകയാണ് വേണ്ടത്. ഒപ്പം ഇത്തരം കേസുകളിൽ പിടിക്കപ്പെടുന്നവർക്കെതിരെ ഉദ്യോഗസ്ഥർ കൂടുതൽ കള്ളത്തെളിവുകൾ കെട്ടിച്ചമച്ചുണ്ടാക്കാനും ഇതിൽ സാധ്യതകളുണ്ട്. ഇതിനെക്കുറിച്ച് സർക്കാറിന് ജാഗ്രത വേണം. കരിനിയമങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ രാജ്യത്ത് നീതി നടപ്പിലാക്കാം എന്നത് അസാധ്യമാണ്.

## കവിതയിൽ സ്തോഭജനക പരീക്ഷണങ്ങൾക്ക് സാധ്യതയില്ല: റഫീഖ് അഹമ്മദ്

**പാലക്കാട്:** കവിതയിൽ സ്തോഭജനക പരീക്ഷണങ്ങൾക്ക് ഇനി സാധ്യതയില്ലെന്ന് പ്രശസ്ത കവി റഫീഖ് അഹമ്മദ് അഭിപ്രായപ്പെട്ടു. തനിമ പുരസ്കാരം കവി സുൽഫിക്കറിന് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മലയാള കവിത അതിന്റെ തനിമയും ലാളിത്യവും വ്യക്തതയും വീണ്ടെടുക്കണം. കവിതയുടെ ജനാധിപത്യവത്കരണം ഗംഭീരമായ ഒരാശയം തന്നെയാണെന്നും എന്നാൽ ഈ ജനാധിപത്യവത്കരണം ഏതൊക്കെ വിധത്തിലാണ് മലയാള കവിതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നതിനെ കുറിച്ച ഒരു സോഷ്യൽ ഓഡിറ്റിംഗിന് ഏറെ പ്രസക്തിയുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തനിമ രക്ഷാധികാരി ടി.കെ ഹുസൈൻ റഫീഖ് അഹമ്മദിന് ഉപഹാരം നൽകി. സംസ്ഥാന ജനറൽ സെക്രട്ടറി ഫൈസൽ കൊച്ചി അധ്യക്ഷത വഹിച്ചു. കവി പി. രാമൻ, മഹാദേവൻ പിള്ള, ജമീൽ അഹ്മദ്, സുൽഫിക്കർ സംസാരിച്ചു. പുരസ്കാരസമിതി കൺവീനർ സലിം പൂപ്പലം സ്വാഗതവും തനിമ പാലക്കാട് ജില്ലാ സെക്രട്ടറി സലാം വല്ലപ്പുഴ നന്ദിയും പറഞ്ഞു. ജയരാജ് കുലുക്കല്ലൂർ, ടിജോ ഇല്ലിക്കൽ, എ.യു റഹീമ എന്നിവർ കവിതകൾ അവതരിപ്പിച്ചു. 'മറന്നുവെച്ച കുടകൾ' എന്ന കവിതാ സമാഹാരത്തിനായിരുന്നു പുരസ്കാരം. *മലയാള മനോരമ* പാലക്കാട് യൂനിറ്റിലെ സീനിയർ സബ് എഡിറ്ററാണ് സുൽഫിക്കർ.



*സുൽഫിക്കറിന് 'തനിമ' പുരസ്കാരം കവി റഫീഖ് അഹ്മദ് നൽകുന്നു.*

## മലയാളി വിദ്യാർഥികളുടെ ഒത്തുചേരൽ

**ചെന്നൈ:** ചെന്നൈയിൽ എസ്.ഐ.ഒ സംഘടിപ്പിച്ച മലയാളി വിദ്യാർഥികളുടെ ഒത്തുചേരൽ ചെന്നൈ ഇസ്‌ലാമിക് സ്റ്റഡി സർക്ക്ൾ പ്രസിഡന്റ് ഇർഫാൻ ഹനീഫ് ഉദ്ഘാടനം ചെയ്തു. ഇടക്കിടെ ഉയർന്നുവരുന്ന ഇസ്‌ലാംവിരുദ്ധ, പ്രവാചകവിരുദ്ധ കലാ സാഹിത്യ സൃഷ്ടികൾ ഇസ്‌ലാമിസ്റ്റുകളുടെ വിജയങ്ങളിൽ അസ്വസ്ഥരായ ഇസ്‌ലാം വിരുദ്ധ ചേരിയുടെ കമ്പോള തന്ത്രമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചെന്നൈ നഗരത്തിലെ വിവിധ കാമ്പസുകളെ പ്രതിനിധീകരിച്ച് അറുപതോളം വിദ്യാർഥികൾ പങ്കെടുത്തു.ഇ.പി നസീഫ് അധ്യക്ഷത വഹിച്ചു. എസ്.ഐ.ഒ അഖിലേന്ത്യാ കമ്മിറ്റിയംഗം സി.ടി ശുഐബ് 'ബീ എ കോസ്മോപൊളിറ്റൻ, ബീ എ മുസ്‌ലിം' എന്ന വിഷയത്തിൽ വിദ്യാർഥികളോട് സംവദിച്ചു. ഷഫീഖ് കക്കോടി ഖുർആൻ ദർസ് നടത്തി. അബ്ദുൽ മുയിസ് റിപ്പോർട്ട് അവതരിപ്പിച്ചു. ചെന്നൈ എസ്.ഐ.ഒ പ്രസിഡന്റ് മുസക്കിർ ആശംസകൾ നേർന്നു. നജ്മുദ്ദീൻ ഉദ്ബോധനവും ഹബീബ് നന്ദിയും പറഞ്ഞു.

## ഖുർആൻ ക്വിസ് മത്സരം-2013

2013 മെയ് 11 മുതൽ 19 വരെ കോഴിക്കോട് ജൂബിലി ഹാളിൽ നടക്കുന്ന ഖുർത്വുബ ഖുർആൻ എക്സിബിഷനോടനുബന്ധിച്ച് സ്ത്രീകൾക്കും പതിനഞ്ചു വയസ്സു വരെയുള്ള കുട്ടികൾക്കുമായി ഖുർആൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 9946070567, 96565382245 നമ്പറുകളിൽ വിളിച്ച് മെയ് 5 നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## മികച്ച വാർഡ് മെമ്പറെയും ക്ലബ്ബിനെയും തെരഞ്ഞെടുക്കുന്നു

കോഴിക്കോട്: സോളിഡാരിറ്റി പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ മികച്ച യുവ വാർഡ് മെമ്പറെ/കൗൺസിലറെയും, മികച്ച ക്ലബ്ബിനെയും തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രശസ്തി പത്രവും ക്യാഷ് അവാർഡും നൽകുന്നതായിരിക്കും. അപേക്ഷകർ പ്രത്യേകം തയാറാക്കിയ ഫോറത്തിൽ ഏപ്രിൽ പത്തിനകം സെക്രട്ടറി, സോളിഡാരിറ്റി കോഴിക്കോട് ജില്ല, എം.എസ് ബിൽഡിംഗ്, ഈസ്റ്റ് നടക്കാവ്, കോഴിക്കോട്/solidarityclt1@gmail.com എന്ന വിലാസത്തിലോ അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും ബന്ധപ്പെടുക. ഫോൺ: 9895978220, 9846503377, 9037502265.

## തൊഴിലുപകരണ വിതരണം

**ചങ്ങനാശ്ശേരി:** ജമാഅത്തെ ഇസ്‌ലാമി ചങ്ങനാശ്ശേരി ഏരിയയും ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷനും സംയുക്തമായി സംഘടിപ്പിച്ച സമ്മേളനത്തിൽ തൊഴിൽ ഉപകരണങ്ങളും 30 കുടുംബങ്ങൾക്ക് ചികിത്സാ- തൊഴിൽ സഹായവും നൽകി. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.ജെ ലാലി ഉദ്ഘാടനം ചെയ്തു. ജമാഅത്തെ ഇസ്‌ലാമി ഏരിയാ പ്രസിഡന്റ് പി.എ നൗഷാദ് അധ്യക്ഷത വഹിച്ചു. ജി.ഐ.ഒ ജില്ലാ പ്രസിഡന്റ് ഷഹന അൻവർ മുഖ്യ പ്രഭാഷണം നടത്തി. വാർഡ് കൗൺസിലർ നിഷ മുഹമ്മദ് ഷാജഹാൻ, ജമാഅത്തെ ഇസ്‌ലാമി വനിതാ ജില്ലാ പ്രസിഡന്റ് നിസ അബ്ബാസ്, ഏരിയാ കൺവീനർ നിസാ ഷിയാസ്, നിഷ്മ നൗഷാദ് സംസാരിച്ചു.

## ബീക്കൺ 2013

**തിരൂർക്കാട്:** ഇലാഹിയാ കോളേജിൽ സ്കൂൾ വിദ്യാർഥികൾക്കായി എസ്.ഐ.ഒ യും ജി.ഐ.ഒ യും സംയുക്തമായി സംഘടിപ്പിച്ച ബീക്കൺ 2013 പഠനക്യാമ്പ് സമാപിച്ചു. ട്രസ്റ്റ് മാനേജർ എ.എ റഊഫ് ക്യാമ്പിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. നുസ്‌റത്തുൽ ഇസ്‌ലാം ട്രസ്റ്റ് ചെയർമാൻ എം.ടി അബൂബക്കർ മൗലവി അധ്യക്ഷത വഹിച്ചു. എ. സൈനുദ്ദീൻ മൗലവി, സെയ്തലവി മൗലവി കെ.കെ അബ്ദുല്ല മൗലവി, എം.എം മുനീറുദ്ദീൻ എന്നിവർ സംസാരിച്ചു. ഒരാഴ്ച നീണ്ടുനിന്ന ക്യാമ്പിൽ കമ്പ്യൂട്ടർ പഠനം, മാജിക് പരിശീലനം, മോഡൽ പാർലമെന്റ് ക്വിസ് മത്സരങ്ങൾ, പൊതുവിജ്ഞാനം, ഗണിതം, ചരിത്രം തജ്‌വീദ് പഠനം, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, കൊളാഷ് പ്രദർശന മത്സരം, ഫിലിം ഷോ തുടങ്ങി വിവിധ പരിപാടികൾ നടന്നു. മുസ്‌ത്വഫ മങ്കട, അബ്ബാസ് കൂട്ടിൽ, ഉസ്മാൻ കാസർഗോഡ് തുടങ്ങിയവർ ക്ലാസ്സുകൾ നിയന്ത്രിച്ചു.

## ഖുർആൻ മത്സര വിജയികൾ

**ചേന്ദമംഗല്ലൂർ:** മജ്‌ലിസ് എജുക്കേഷൻ ട്രസ്റ്റ് കോളേജ് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച അഖില കേരള ഖുർആൻ ഗവേഷണ മത്സരത്തിൽ വാടാനപ്പള്ളി ഇസ്‌ലാമിയാ കോളേജിലെ വി.കെ മുബശ്ശിർ, പി. ഫൈസൽ, യു.പി അർശിദ് എന്നിവർ ജേതാക്കളായി. പെരിങ്ങാടി അൽ ഫലാഹിലെ റോഷിന, ഷബ്നം സെബീന എന്നിവർ രണ്ടാം സ്ഥാനവും കുറ്റ്യാടി ഇസ്‌ലാമിയാ കോളേജിലെ എസ്.എച്ച് അൻവർ, മുർശിദ്, പി.വി ഹക്കീം എന്നിവർ മൂന്നാം സ്ഥാനവും നേടി.



# കരിയർ

സുലൈമാൻ ഊരകം
kpsulaimanurakam@gmail.com

**കേന്ദ്ര സർവകലാശാലകളിൽ പ്രവേശനം**
കാസർകോട് കേന്ദ്ര സർവകലാശാല ഉൾപ്പെടെ രാജ്യത്തെ പത്തോളം കേന്ദ്ര സർക്കാർ സർവകലാശാലകളുടെ ഏകീകൃത പ്രവേശന പരീക്ഷയായ CUCET അപേക്ഷ ക്ഷണിച്ചു. വിവിധ തരം Biological Sicences, Energy, Environmental Science, Earth Science, Languages and Comparative Literature with MA English, Economics, Politics and IR, Phyiscs, Maths, Computer Science, Chemistry, MSW എന്നിവയിൽ ബിരുദാനന്തര ബിരുദം കാസർകോട് കേന്ദ്ര സർക്കാർ യൂനിവേഴ്സിറ്റിയിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഏപ്രിൽ 30. www.cucet2013.co.in

**ആർമിയിൽ മതാധ്യാപകർ**
ഇന്ത്യൻ ആർമിയിൽ മതാധ്യാപകരാവാൻ അവസരം. അടിസ്ഥാന ശമ്പളം 34800 രൂപയും മറ്റു ആനുകൂല്യങ്ങളുമാണ് മാസാന്ത വേതനം. അറബി, ഉർദു, അഫ്ദലുൽ ഉലമ, എന്നീ ബിരുദമോ, തത്തുല്യ യോഗ്യതയോ ഉള്ളവർക്കും മറ്റേതെങ്കിലും ബിരുദത്തോടൊപ്പം അറബിയോ, ഉർദുവോ ഒരു വിഷയമായി പഠിച്ചവർക്കും അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഏപ്രിൽ 25. www.joinindianarmy.nic.in, 04712351762

**ജേർണലിസം**
കേന്ദ്ര സർക്കാറിന് കീഴിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ (IIMC) 2013 അധ്യായന വർഷത്തെ വിവിധ പി.ജി ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. മെയ് 26 ന് നടക്കുന്ന പ്രവേശന പരീക്ഷക്ക് കൊച്ചി, ചെന്നൈ, ബംഗളൂരു എന്നിവിടങ്ങളിൽ കേന്ദ്രങ്ങളുണ്ട്. രാജ്യത്തെ IIMC യുടെ വിവിധ കേന്ദ്രങ്ങളിലായിരിക്കും പഠനം. അവസാന തീയതി: ഏപ്രിൽ 21, www.iimc.gov.in.

**B. Arch പ്രവേശന പരീക്ഷ**
ആർക്കിടെക്ചർ ബിരുദ കോഴ്സായ B.Arch പ്രവേശനത്തിനായി നടത്തുന്ന അഭിരുചി പരീക്ഷയായ നാഷ്ണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (നാറ്റ) അപേക്ഷ സ്വീകരിച്ചു തുടങ്ങി. S.S.L.C യാണ് നാറ്റ അഭിമുഖീകരിക്കാനുള്ള അടിസ്ഥാന യോഗ്യത. എന്നാൽ കണക്ക് ഒരു വിഷയമായി 50% മാർക്കോടെ +2 പാസ്സായവർക്കേ B.Arch പ്രവേശനത്തിന് അർഹതയുണ്ടാവുകയുള്ളൂ. നാറ്റ അഭിമുഖീകരിക്കാൻ കേരളത്തിലെ ഏതെങ്കിലും പരീക്ഷാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യണം. http://www.nata.in

**പ്ലസ്ടുക്കാർക്ക് എൻമാറ്റ്**
രാജ്യത്തെ പ്രമുഖ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ നാൻസി മോഞ്ജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് Integrated B.Tech-MBA, B.Com, BBA, BSc, Economics കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മെയ് 12-ന് നടക്കുന്ന പ്രവേശന പരീക്ഷക്ക് കേരളത്തിൽ മൂന്നിടത്ത് സെന്ററുകളുണ്ട്. അവസാന തീയതി: ഏപ്രിൽ 25. www.nmims.edu

**ഹോമിയോ പ്രവേശനം**
നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോമിയോപ്പതി കൊൽക്കത്ത 2013-14 വർഷത്തെ BHMS പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ജൂൺ 9 ന് നടക്കുന്ന പ്രവേശന പരീക്ഷക്ക് അപേക്ഷകർ കൂടുതൽ ഉണ്ടെങ്കിൽ കേരളത്തിലും സെന്റർ അനുവദിക്കുന്നതാണ്. പിന്നാക്കക്കാർക്ക് സംവരണ ആനുകൂല്യം ലഭ്യമാണ്. അവസാന തീയതി: മെയ് 10. www.nih.nic.in




*സൺറൈസ് കൊച്ചി ഫ്ളാറ്റ് നിർമാണ പദ്ധതിക്ക് തറക്കല്ലിടുന്നു.*

# ‘സൺറൈസ് കൊച്ചി’ ഫ്ളാറ്റ് നിർമാണ പദ്ധതിക്ക് തുടക്കം

**മട്ടാഞ്ചേരി:** സോളിഡാരിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പശ്ചിമകൊച്ചി ജനകീയ പുനർനിർമാണ പദ്ധതിയായ ‘സൺറൈസ് കൊച്ചി’യുടെ ഭാഗമായുള്ള ഫ്ളാറ്റ് നിർമാണ പദ്ധതിക്ക് ശിലയിട്ടു. ഫോർട്ടുകൊച്ചി തുരുത്തി ദഅ്‌വത്തുൽ ഇസ്‌ലാം ട്രസ്റ്റിന് സമീപം ഭവനരഹിതർക്കായി 22 ഫ്ളാറ്റുകൾ ഉൾക്കൊള്ളുന്ന പദ്ധതിക്കാണ് തുടക്കമിട്ടത്. നൂർമുഹമ്മദ് സേട്ട്, ജമാഅത്തെ ഇസ്‌ലാമി അസി. അമീർ എം.കെ. മുഹമ്മദലി, സോളിഡാരിറ്റി സംസ്ഥാന പ്രസിഡൻറ് പി.ഐ. നൗഷാദ് എന്നിവർ ചേർന്ന് ശിലാസ്ഥാപനം നിർവഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പി.ഐ. നൗഷാദ് അധ്യക്ഷത വഹിച്ചു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഭവനരഹിതരുള്ള കൊച്ചിയുടെ പാർപ്പിട പ്രശ്നം അവസാനിപ്പിച്ചുമാത്രമേ വികസനത്തെക്കുറിച്ച് ‘വർത്തമാനം’ പറയാവൂവെന്ന് അദ്ദേഹം പറഞ്ഞു. സ്വന്തം കാര്യങ്ങൾക്കായി പായുമ്പോൾ മറ്റുള്ളവരുടെ വേദന കാണാൻ കഴിയാതെ പോകുന്ന ഈ കാലഘട്ടത്തിൽ സോളിഡാരിറ്റിയുടെ പ്രവർത്തനം പ്രശംസനീയമാണെന്ന് ജമാഅത്തെ ഇസ്‌ലാമി അസി. അമീർ എം.കെ മുഹമ്മദലി അഭിപ്രായപ്പെട്ടു.

സൺറൈസ് കൊച്ചിയുടെ വെബ്സൈറ്റ് ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്തു. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ പിന്നാക്ക വിഭാഗങ്ങൾക്ക് പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾ അറിയാതെ നഷ്ടപ്പെട്ടുകൊണ്ടിരുന്ന ഘട്ടത്തിലാണ് സോളിഡാരിറ്റി പ്രവർത്തകർ അർഹരായവർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനം നടത്തുന്നതെന്നും ഇത് ശ്ലാഘനീയമാണെന്നും പി.കെ. ഷംസുദ്ദീൻ പറഞ്ഞു. സൺറൈസ് കൊച്ചിയുടെ പ്രവർത്തനങ്ങൾ സർക്കാറിൻെറ ഇഴഞ്ഞുനീങ്ങുന്ന പദ്ധതികൾക്കും ആസൂത്രണമില്ലായ്മക്കുമുള്ള മറുപടി കൂടിയാണെന്ന് സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറി ടി. മുഹമ്മദ് വേളം പറഞ്ഞു. ഇതിൽ നിന്ന് പാഠം ഉൾക്കൊണ്ട് പശ്ചിമകൊച്ചിക്ക് വേണ്ടി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി ടി.കെ. ഹുസൈൻ, ഇ.കെ. മുരളീധരൻ മാസ്റ്റർ, മുൻ കൗൺസിലർമാരായ വി.ജെ. ഹൈസിന്ത്, കെ.ജെ. ഖാലിദ്, സോളിഡാരിറ്റി ജില്ലാ പ്രസിഡൻറ് എം.പി. ഫൈസൽ,കെ.ജെ പോൾ, ഡി.ഐ.ടി ചെയർമാൻ കെ.എ. ഫൈസൽ, ഡോ. കെ.കെ. ഉസ്മാൻ എന്നിവർ സംസാരിച്ചു. പ്രോജക്ട് ഡയറക്ടർ എം.എം. മുഹമ്മദ് ഉമർ സ്വാഗതവും ജമാഅത്തെ ഇസ്‌ലാമി ഏരിയ ഓർഗനൈസർ എ.എസ്. മുഹമ്മദ് നന്ദിയും പറഞ്ഞു.

# ഭീകരവാദികളെന്ന് മുദ്ര കുത്തി ജയിലിലടക്കപ്പെട്ട നിരപരാധികൾക്ക് 25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണം: പേഴ്സണൽ ലോ ബോർഡ്

**ഉജ്ജയ്ൻ:** ഭീകരവാദികളെന്ന് മുദ്ര കുത്തി ജയിലിൽ അടക്കപ്പെട്ട നിരപരാധികളായ മുസ്‌ലിം യുവാക്കൾക്ക് ചുരുങ്ങിയത് 25 ലക്ഷം രൂപയെങ്കിലും നഷ്ടപരിഹാരം നൽകണമെന്ന് പേഴസണൽ ലോബോർഡ് (AIMPLB) ആവശ്യപ്പെട്ടു. മാനസികമായും ശാരീരികമായും സെക്യൂരിറ്റി ഏജൻസികളാൽ നിരന്തരം പീഡിപ്പിക്കപ്പെടുകയും പിന്നെ തെളിവില്ലെന്ന് പറഞ്ഞ് കോടതി മോചിപ്പിക്കുകയും ചെയ്ത എത്രയോ യുവാക്കളുണ്ട്. അവരുടെ യൗവ്വനം അധികവും തടവറയിലെ ഇരുൾ മുറികളിലായിരുന്നു. കൃത്യമായ തെളിവുകളില്ലാതെ ഒട്ടേറെ നിരപരാധികൾ വിവിധ സംസ്ഥാനങ്ങളിൽ ജയിലിൽ കഴിയുന്നുണ്ട്. അവരെ എത്രയും വേഗം മോചിപ്പിക്കണമെന്നും പേഴ്സണൽ ലോബോർഡ് ആവശ്യപ്പെട്ടു. മൂന്ന് ദിവസങ്ങളിലായി മധ്യപ്രദേശിലെ ഉജ്ജയ്നിൽ നടന്ന ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോബോർഡിന്റെ 23-ാമത് കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു സംഘടനാ നേതാക്കൾ. മധ്യപ്രദേശിലെ ബി.ജെ.പി ഗവൺമെന്റിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇടപെടലുകളെക്കുറിച്ചും അന്വേഷിക്കേണ്ടതുണ്ട്. ഹിന്ദുത്വ ദർശനവും മിത്തും വിദ്യാർഥികളിൽ അടിച്ചേൽപ്പിക്കുകയാണ്. ഒരു ജനാധിപത്യ മതേതര രാഷ്ട്രത്തിന് ഇത്തരം പ്രവണതകൾ ഒട്ടും നല്ലതല്ല. നേതാക്കൾ പറഞ്ഞു. മൗലാനാ സയ്യിദ് മുഹമ്മദ് റാസി നദ്‌വി, കെ. റഹ്മാൻ ഖാൻ, മൗലാന അർഷദ് മദനി, റഷീ ഫർഹംഗി, മൗലാന അനീസുർറഹ്മാൻ ഖാസിമി, മൗലാനാ സൽമാൻ അൽഹസനി നദ്‌വി, പ്രഫ. മതീൻ ഖദ്രി, ആരിഫ് മസൂദ് സംസാരിച്ചു.

